(എ) പ്രകൃതിക്ഷോഭങ്ങൾ കൊണ്ടുണ്ടാകുന്ന ദുരന്തത്തിന് ഇൻഷ്വറൻസ് പരിരക്ഷ വാഗ്ദാനം ചെയ്തുകൊണ്ട് ഏതെങ്കിലും സ്ഥാപനം ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വാഗ്ദാനം ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ & ബി) ഉണ്ട്. "എൽ. എം. ബി. ഇൻഷ്വറൻസ് ബ്രോക്കേഴ്സ്" എന്ന പേരിലുള്ള ഒരു സ്ഥാപനം പ്രാഥമികമായ ഒരു പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കൂടുതൽ പഠന വിഷയമാക്കേണ്ടതുണ്ട്.

## കോളേജ് ക്യാമ്പസ്സുകളിൽ രാഷ്ട്രീയ പ്രവർത്തന നിയന്ത്രണം

5 [*122] ശ്രീമതി ശോഭനാ ജോർജ് :

ശ്രീ എം. എ. ചന്ദ്രശേഖരൻ :

,, ഇ. എം. അഗസ്തി :

,, എം. മുരളി :

,, ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്യാമ്പസ്സുകളിൽ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് രാഷ്ട്രീയാടിസ്ഥാനത്തിൽ നടത്തുന്നതിനെതിരെ ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ):

(എ & ബി) കോളേജ് ക്യാമ്പസ്സുകളിൽ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. എന്നാൽ ക്യാമ്പസ് രാഷ്ട്രീയം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കേസുകളിൽ ഹൈക്കോടതിയുടെ പൊതു വിധിന്യായത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള കോളേജുകളിലും അഫിലിയേറ്റഡ് കോളേജുകളിലും പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ബാധകമായ നിയമങ്ങളും ചട്ടങ്ങളും 2004-05 കലാലയവർഷം ആരംഭിക്കുന്നതിനുമുമ്പ് ഉണ്ടാക്കണമെന്ന് സംസ്ഥാന സർക്കാരിനോടും സർവ്വകലാശാലകളോടും നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച ചട്ടങ്ങൾക്ക് രൂപം നൽകേണ്ടത് അതത് സർവ്വകലാശാലകളായതിനാൽ യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം സർക്കാർ നൽകി.

LIBRARY ARCHIVES Kerala Legislative Assembly